അലവൻസ്, റിട്ടയർമെന്റ് ബെനിഫിറ്റ് എന്നീയിനങ്ങളിൽ എന്തു തുക ചെല വാകുമായിരുന്നു;

(സി) ഇപ്പോൾ ഈയിനത്തിൽ എന്തു തുക ചെലവാകുന്നുണ്ട്?

ഉത്തരം

(എ) 1996-97-ലെ കണക്ക് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആ വർഷത്തെ ആകെയുള്ള വരുമാനം (സബ്സിഡിയും, ഗ്രാന്റും ഉൾപ്പെടെ) 98,336,47 ലക്ഷം രൂപ ആയിരുന്നു. 1998-99 ലെ താൽക്കാ ലിക കണക്ക് പ്രകാരം ആ വർഷത്തെ മൊത്ത വരുമാനം 156,550,52 ലക്ഷം രൂപയാണ്.

(ബി) 1995-96-ലെ കണക്ക് പ്രകാരം ശമ്പളം അലവൻസ്, റിട്ട യർമെന്റ് ബെനിഫിറ്റ് എന്നീ ഇനങ്ങളിൽ ചെലവായ തുക 24136.82 ലക്ഷം രൂപയായിരുന്നു.

(സി) 1998-99-ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്കനു സരിച്ച് മേൽപ്പറഞ്ഞ ഇനങ്ങളിലെ ചെലവ് 41,013,69 ലക്ഷം രൂപയാണ്.

98 (1007) കർഷകർക്കുള്ള സൗജന്യ വൈദ്യുത പദ്ധതി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കായുള്ള സൗജന്യ വൈദ്യുതി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള കർഷകർ കറന്റ് ചാർജ് അടയ്ക്കുകയും ആയത് തിരികെ ലഭിക്കുന്നത് കൃഷിവകുപ്പു മുഖേനയും ആയതുകൊണ്ട് കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധിയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യം ഏതെങ്കിലും ഒരു വകുപ്പ് മുഖേന നട പ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 28-8-1998-ൽ വൈദ്യുതി ബോർഡ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സൗജന്യ വൈദ്യുതിക്ക് അർഹതയുള്ളതായി കൃഷി വകുപ്പ് സാക്ഷ്യപ്പെടുത്തിയ കർഷകർ വൈദ്യുതി ചാർജ്ജ് അടയ്ക്കേണ്ടതില്ല. അവ രുടെ വൈദ്യുതി ചാർജ്ജ് കൃഷി ഓഫീസുകളിൽ നിന്നും വൈദ്യുതി ബോർഡിലേയ്ക്ക് നേരിട്ട് അടയ്ക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ വ്യവസ്ഥയാണ് ഇപ്പോഴും നിലവിലുള്ളത്.

99 (1008) ഇടുക്കി ജില്ലയിലെ മലങ്കര പദ്ധതി

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മലങ്കര പദ്ധതിയിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള ഏതെല്ലാം ജോലികളുടെ ഉദ്ഘാടനമാണ് അടുത്ത കാലത്ത് നടന്നത്;

LIBRARY ARCHIVES Kerala Legislative Assembly